# പതിമൂന്നാം കേരളനിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1662 — 15/02/2016 ൽ മറുപടിയ്ക്ക്.

### ഗ്രാമപഞ്ചായത്തുകളിലെ ജീവനക്കാരുടെ അപര്യാപ്തത

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. പി.അയിഷാപോറ്റി | | ഡോ.എം.കെ.മുനീർ (ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| (എ) | ഭരണ വികേന്ദ്രീകരണത്തിന്റെ ഫലമായി നിക്ഷിപ്തമായ ചുമതലകൾ ഫലപ്രദമായി നിർവ്വഹിക്കാൻ നിലവിലെ സ്റ്റാഫ് പാറ്റേൺ പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് സാധിക്കാൻ കഴിയാ ത്ത സ്ഥിതി വിശേഷം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി | ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കാവുന്ന എന്തെല്ലാം നടപടികളാണ് ശമ്പളകമ്മീഷൻ ശിപാർശ ചെയ്തിരുന്നതെന്ന് വിശദമാക്കുമോ; | (ബി) | ഗ്രാമ പഞ്ചായത്തുകളിലെ നിലവിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കണമെന്ന് ഒൻപതാം ശമ്പള കമ്മീഷനും മേജർ ഗ്രാമ പഞ്ചായത്തുകളിൽ സർക്കാർ ജോലി ഭാരം സംബന്ധിച്ച് പഠനം നടത്തി അത്തരം ഗ്രാമ പഞ്ചായത്തുകളിൽ ജോലിഭാരം കൂടുതൽ ആണെങ്കിൽ ഒരു അസിസ്റ്റന്റ് സെക്രട്ടറി തസ്തിക കൂടി അനുവദിക്കണമെന്ന് പത്താം ശമ്പള കമ്മീഷനും ശുപാർശ ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത ശിപാർശകളോടുള്ള സമീപനം വ്യക്തമാക്കുമോ? | (സി) | ഒൻപതാം ശമ്പളക്കമ്മീഷന്റെ ശുപാർശ അംഗീകരിച്ച് സർക്കാർ ഇക്കാര്യം സംബന്ധിച്ച് പഠനം നടത്തുന്നതിന് ഒരു രണ്ടംഗ സമിതിയെ നിയോഗിക്കുകയും സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 990 ക്ലാർക്ക് തസ്തികകളും 864 അസിസ്റ്റന്റ് സെക്രട്ടറി തസ്തികകളും സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.പത്താം ശമ്പളക്കമ്മീഷന്റെ ശുപാർശകളെ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നുംതന്നെ ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ